"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തസ്വഭവ- ആലപ്പുഴ ജില്ലയിലെ പാടശേഖരങ്ങളിൽ തരിശുകിടക്കുന്ന പുറം ബണ്ടുകളിൽ തെങ്ങിൻ തൈ വച്ചുപിടിപ്പിക്കൽ എന്ന ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ പദ്ധതിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1023/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 01/06/2020

പരാമർശം:- 1 ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11/02/2020ലെ കത്ത്.

2 ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ 24/01/2020ലെ VI(14)-ാം നമ്പർ തീരുമാനം.

3 25/02/2020ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.91.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ പാടശേഖരങ്ങളുടെ തരിശു കിടക്കുന്ന പുറമ്പോക്കുകളിൽ തെങ്ങിൻ തൈ വച്ചുപിടിപ്പിക്കാൻ ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും കുട്ടനാട്ടിലും അപ്പർകുട്ടനാട്ടിലും അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം മൂലമുള്ള മടവീഴ്ച തടയുന്നതിന് ഇപ്രകാരം തെങ്ങിൻ തൈ വച്ചുപിടിപ്പിക്കുന്നത് ഒരു പരിധിവരെ സഹായകമാകുന്നതോടൊപ്പം നാളികേര ഉൽപാദനം കൂട്ടുകയും ചെയ്യുമെന്നും ആയതിനാൽ ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ ഈ പദ്ധതിക്ക് അംഗീകാരം നൽകണമെന്നുള്ള ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ പരാമർശം (2 )ലെ തീരുമാനം പരാമർശം (1 )പ്രകാരം ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസർ ലഭ്യമാക്കുകയുണ്ടായി .

സർക്കാർ ഈ വിഷയം വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കമ്മിറ്റിയിൽ പരിശോധിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ പരാമർശം 3 . തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾ തെരഞ്ഞെടുത്തു നൽകുന്ന തരിശുപ്രദേശങ്ങളിൽ ഇതു നടപ്പാക്കണമെന്ന നിബന്ധനയോടെയും, ഭാവിയിൽ ഇതിൽ നിന്നു ലഭിക്കുന്ന വരുമാനം എങ്ങനെ ഉപയോഗിക്കണമെന്നതു സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് തീരുമാനിക്കണമെന്ന വ്യവസ്ഥയോടെയും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, ആലപ്പുഴ ജില്ലാ പഞ്ചായത്ത്.

ജില്ലാ പ്ലാനിംഗ് ഓഫീസർ, ആലപ്പുഴ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ